# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2314

## 05-11-2019 ൽ മറുപടിക്ക്

## കിഫ്ബി പ്രോജക്ട് അപ്രൈസൽ

| ചോദ്യം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പ്രോജക്ട് അപ്രൈസൽ, സി.എം.ഡി.യ്ക്ക് നൽകുന്നതിന് മുമ്പ് പ്രോജക്ട് അപ്രൈസൽ ചെയ്തിരുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ; | കിഫ്ബിയുടെ 27 ാമത് ബോർഡ് യോഗം പദ്ധതി അവലോകന പ്രവർത്തനങ്ങൾക്കും അനുബന്ധ വിഷയങ്ങൾക്കുമായി അതത് മേഖലയിൽ പ്രാവീണ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിരുന്നു. വർദ്ധിച്ചു വരുന്ന പദ്ധതികളുടെ ബാഹുല്യം കണക്കിലെടുത്തു കൊണ്ട് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിനെ പുറമെ പദ്ധതികളുടെ അപ്രൈസൽ നടത്തുന്നതിന് സഹായിക്കുന്നതിനായി ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തെ നിയോഗിക്കുന്നതുവരെ കിഫ്ബിയുടെ പ്രൊജക്റ്റ് അഡ്വൈസർ കൺസൾട്ടന്റിനായി ഷോർട്ട് ക്വട്ടേഷൻ വിളിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാക്സിമസ് എഞ്ചിനീയറിംഗ് & ഡെവലപ്മെന്റ് സർവ്വീസസ് എന്ന സ്ഥാപനവും , ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും ക്വാട്ട് ചെയ്യുകയും അവരിൽ നിന്നും എൽ1 ബിഡറായ ടെറനസിനെ തിരഞ്ഞെടുക്കുകയും ചെയ്തു. ടെറനസിന്റെ സേവനം മാർച്ച് 2017 മുതൽ ജൂലൈ 2017 വരെ ലഭ്യമാക്കിയിരുന്നു. |
| (ബി) അപ്രൈസൽ ചെയ്തതിന് എത്ര തുക ചെലവായെന്ന് വ്യക്തമാക്കുമോ? | പദ്ധതി അവലോകനത്തിന് ടി സ്ഥാപനത്തിന് 63,38,697/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ